# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 724 — 20.03.2013-ൽ മറുപടിക്ക്

## ഹീമോഫീലിയ കെയർ സെന്ററുകൾ സ്ഥാപിക്കാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി. കെ. എസ്. സലീഖ : | ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) ഹീമോഫീലിയ രോഗം പിടിപെട്ട എത്ര പേർ സംസ്ഥാനത്ത് ഉണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത് ; ജില്ല തിരിച്ച് വ്യക്തമാക്കുമോ ; | (എ) ഒരു ലക്ഷത്തിൽ 20 പേർക്ക് ഹീമോഫീലിയ രോഗമുണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത്. ജില്ല തിരിച്ചുള്ള വിവരം ലഭ്യമല്ല. |
| (ബി) ഹീമോഫീലിയ രോഗികൾക്ക് രക്ത സ്രാവം നിലയ്ക്കാനായി നൽകുന്ന ഫാക്ടർ ഇഞ്ചക്ഷൻ ഇപ്പോൾ സർക്കാർ ആശുപത്രികളിൽ കിട്ടാനില്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടുവോ : വിശദമാക്കുമോ ; | (ബി) |
| (സി) ഹീമോഫീലിയയുമായി ബന്ധപ്പെട്ട് അമിത രക്തസ്രാവവുമായി എത്തുന്ന രോഗികൾക്ക് എ.പി.എൽ., ബി.പി.എൽ വ്യത്യാസമില്ലാതെ ഇഞ്ചക്ഷൻ സൗജന്യ മായി നൽകണമെന്ന കോടതി ഉത്തരവ് പല സർക്കാർ ആശുപത്രികളിലും നടപ്പാ ക്കാൻ തയ്യാറാകുന്നില്ലായെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടുവോ; എങ്കിൽ പ്രസ്തുത ഉത്തരവ് അടിയന്തിരമായി നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ; | (സി) ഇല്ല. സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളിൽ ഇതിനുള്ള മരുന്ന് ലഭ്യമാണ്. |
| (ഡി) ഹീമോഫീലിയ ഇഞ്ചക്ഷനുള്ള ഫാക്ടറു കൾക്ക് ഉയർന്നതും പല തരത്തിലുള്ളതു മായ വിലകളാണ് മെഡിക്കൽ സ്റ്റോറു കൾ ഈടാക്കുന്നതെന്ന വസ്തുത ശ്രദ്ധ യിൽപ്പെട്ടുവോ ; എങ്കിൽ ഇത് പരിഹരി ക്കുവാൻ സർക്കാർ എന്തൊക്കെ നടപടി കളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കു ന്നത് ; വ്യക്തമാക്കാമോ ; | (ഡി) ഹീമോഫീലിയയ്ക്കുള്ള ഫാക്ടറുകൾ നാഷ ണൽ ഫാർമസ്യൂട്ടിക്കൽ പ്രൈസിംഗ് അതോറി റ്റിയുടെ വിലനിയന്ത്രണ പരിധിയിൽപ്പെട്ട ഔഷധമല്ല. ഇതിന് മെഡിക്കൽ സ്റ്റോറുകളിൽ |

(....2)

ഈടാക്കുന്ന വിലയെപ്പറ്റി അന്വേഷണം നടത്തി വിലയിരുത്തിയിട്ടുണ്ട്. ഈ മരുന്നുകളുടെ landing cost 2300 മുതൽ 2500 വരെയും MRP 4500 രൂപയുമാണ്. ഈ മരുന്നുകൾ MRP യേക്കാളും വിലകൂട്ടി വിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. മരുന്നുകളുടെ വില നിശ്ചയിക്കുന്നതും നിയന്ത്രിക്കുന്നതും കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള നാഷണൽ ഫാർമസ്യൂട്ടിക്കൽ പ്രൈസിംഗ് അതോറിറ്റി ആയതിനാൽ ഇത് സംസ്ഥാന സർക്കാരിന്റെ നിയന്ത്രണ പരിധിയിൽ പ്പെട്ടതല്ല.

(ഇ) ഈ രംഗത്ത് വിദഗ്ധ ഡോക്ടർമാരുടെ സേവനം കുറഞ്ഞു വരുന്നതായി കരുതുന്നുണ്ടോ ; എങ്കിൽ ഇത് പരിഹരിക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ ;

(ഇ) ഹീമോഫീലിയ ചികിത്സിക്കുന്നതിന് ഫിസിഷ്യൻ, ഹെമറ്റോളജിസ്റ്റ് തുടങ്ങിയ വിഭാഗത്തിലുള്ള ഡോക്ടർമാർ മതിയാകും. ഹീമോഫീലിയ രോഗികൾക്ക് അനിയന്ത്രിതമായി രക്തസ്രാവം ഉണ്ടാകുമ്പോഴാണ് ആന്റി ഹീമോഫീലിക് ഫാക്ടർ നൽകേണ്ടത്. ധനകാര്യ വകുപ്പിന്റെ കാരുണ്യ ബെനവലന്റ് ഫണ്ട് മുഖേന എല്ലാ രോഗികൾക്കും സൗജന്യമരുന്ന് നൽകുന്നതിനുള്ള വിശദ പദ്ധതി അന്തിമഘട്ടത്തിലാണ്. ഇപ്പോൾ തന്നെ ഇത്തരം 22 രോഗികൾക്ക് സർക്കാർ സൗജന്യമരുന്ന് വിതരണം ചെയ്തിട്ടുണ്ട്.

(എഫ്) സംസ്ഥാനത്തെ എല്ലാ ജില്ലകളിലും പ്രത്യേക ഹീമോഫീലിയ കെയർ സെന്ററുകൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ?

(എഫ്)

സെക്ഷൻ ഓഫീസർ